പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1831 05.02.2019- ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ മിന്നൽ പണിമുടക്ക്

ചോദ്യം

ശ്രീ.അനിൽ അക്കര

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ മിന്നൽ പണിമുടക്ക് നടത്തുന്നത് കേരള ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | ഈ വിധി നിലനിൽക്കുമ്പോൾ 2018 ഒക്ടോബർ 16-ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർ യാത്രക്കാരെ പെരുവഴിയിലാക്കി മിന്നൽ പണിമുടക്ക് നടത്തുകയുണ്ടായോ ; എങ്കിൽ പ്രസ്തുത പണിമുടക്കിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ ; | (ബി) | 16.10.2018- ൽ മിന്നൽ പണിമുടക്ക് നടത്തുകയുണ്ടായി. കെ.എസ്.ആർ.റ്റി.സി.യിലെ ടിക്കറ്റ് റിസർവ്വേഷൻ കൗണ്ടറുകളുടെ നടത്തിപ്പ് കുടുംബശ്രീ മിഷന് കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിൽ പ്രതിഷേധിച്ചാണ് പ്രസ്തുത മിന്നൽ പണിമുടക്ക് ഉണ്ടായത്. |
| (സി) | ഈ മിന്നൽ പണിമുടക്ക് മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടായ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | (സി) | 1,50,81,627/- കോടി രൂപ. |
| (ഡി) | പ്രസ്തുത പണിമുടക്കിന് ആഹ്വാനം നൽകിയവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കെ.എസ്. ആർ.ടി.സി.യുടെ എം.ഡി. സർക്കാരിന് കത്ത് | (ഡി) | ഉണ്ട്. കെ.എസ്.ആർ.ടി.സി യിൽ 16.10.2018 -ൽ മിന്നൽ പണിമുടക്ക് നടത്തിയതുമായി ബന്ധപ്പെട്ട് Centre for Consumer Education എന്ന സ്ഥാപനം ഫയൽ ചെയ്ത 34544/18 എന്ന റിട്ട് പെറ്റീഷനിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിയുടെ |

| | | | |
|---|---|---|---|
| | നൽകിയി ട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീ കരിച്ചുവെന്ന് വ്യക്തമാക്കുമോ ? | | അടിസ്ഥാനത്തിൽ അന്നേദിവസം ഉണ്ടായ നഷ്ടം പണിമുടക്കുമായി ബന്ധപ്പെട്ടവരിൽ നിന്നും നോട്ടീസ് നല്കി ഈടാക്കാൻ ഉത്തരവായി ട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മിന്നൽ പണിമുടക്കിൽ കോർപ്പറേഷനുണ്ടായ 1,50,81,627/- കോടി രൂപയുടെ നഷ്ടം ടി മിന്നൽ പണിമുടക്കിൽ പങ്കെടുത്ത 277 ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി വ്യക്തിഗത നോട്ടീസ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**